## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 30.09.2015 യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.15 ന് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു. ബഹു. ഗ്രാമ വികസന വകുപ്പു മന്ത്രിയും ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2015–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** **1161** തദ്ദേശഭരണ സ്ഥാപനങ്ങൾ **855.34** കോടി രൂപ (**14.07**%) ചെലവഴിച്ച തായും ഇതിൽ **963** ഗ്രാമപഞ്ചായത്തുകൾ **493.33.** കോടി രൂപയും (**15.70**%), **136** ബ്ലോക്ക് പഞ്ചായത്തുകൾ **93.05** കോടി രൂപയും **(12.71%), 14** ജില്ലാ പഞ്ചായത്തുകൾ **115.05** കോടി രൂപയും (**12.67** %), **54** മുനിസിപ്പാലിറ്റികൾ **84.86** കോടി രൂപയും, (**13.24** %), **5** കോർപ്പറേഷനുകൾ **63.02** കോടി രൂപയും (**10.23** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് 52.30% കാളികാവ് ബ്ലോക്ക് പഞ്ചായത്ത് 61.98% തുകയും ചെലവഴിച്ചതായും കാണപ്പെട്ടു.

**2.**2 സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴ പലിശ ഒഴിവാക്കി വസ്തു നികുതി അടയ്ക്കുവാൻ സൗകര്യം ഒരുക്കണമെന്നുള്ള ആവശ്യം വിശദമായി ചർച്ച ചെയ്തതിൽ വസ്തു നികുതി ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് 31.03.2016 വരെ പിഴ പലിശ ഒഴിവാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**2.**3 അംഗൻവാടി വർക്കർമാർക്ക് ഇപ്പോൾ 6600 രൂപ പ്രതിമാസം വേതനം നൽകുന്നത് 01.01.2016 പ്രാബല്യത്തിൽ 10000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അതിൽ 1000 രൂപ സർക്കാർ വിഹിതമായിരിക്കും. അംഗൻവാടി യുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2400 രൂപ ഇതിനായി നീക്കി വയ്ക്കേണ്ടതാണെന്നും തീരുമാനിച്ചു

**2.**4 ശ്മശാന നിർമ്മാണം, അറവുശാല എന്നിവയ്ക്ക് മുൻ വർഷങ്ങളിലും തൻ വർഷത്തിലും ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അവയുടെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും തൻ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചു.

**2.**5 2011–12 വർഷം മുതൽ ഐ.എ.വൈ വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ, എസ്.സി.) 2.5 ലക്ഷം (എസ്.ടി) ആക്കി വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക ബാദ്ധ്യതയിൽ 2011–12 വർഷത്തേയ്ക്ക് ആവശ്യമായ അധികരിച്ച തുകയിൽ 75000 രൂപ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് ബ്ലോക്കു പഞ്ചായത്തുകളെ അധികാരപ്പെടുത്തിയത് മൂലമുണ്ടായ ബാദ്ധ്യതയിൽ ഗുണഭോക്താക്കൾക്ക് ഇനിയും ലഭ്യമാക്കാനുള്ള അർഹമായ ധനസഹായം പൂർണ്ണമായോ ആനുപാതികമായോ സർക്കാർ ഉത്തരവ് (സാധാ)2832/2015 തസ്വഭവ

തീയതി 16.09.2015 പ്രകാരം  അനുവദിച്ച 500 കോടി രൂപയിൽ നിന്നും നൽകാൻ തീരുമാനിച്ചു.

**2.6** ഐ.എ.വൈ പദ്ധതിക്കാവശ്യമായ ത്രിതല പഞ്ചായത്തുകളുടെ വിഹിതം വകയിരുത്തുന്നത് നിർബന്ധമാക്കി തീരുമാനിക്കുന്നത് സംബന്ധിച്ച് ഐ.എ.വൈ ഭവനങ്ങളുടെ അധിക ധനസഹായത്തിൽ ത്രിതല പഞ്ചായത്തുകൾ നൽകാനുള്ള ആനുപാതിക വിഹിതം ഗ്രാമവികസന കമ്മീഷണർ ഐ.കെ.എം ന് നൽകുന്ന ഭൗതിക ലക്ഷ്യത്തിന് അനുസൃതമായി ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾ നിർബന്ധമായും പദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്തേണ്ടതാണ്. ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരം ഐ.കെ.എം നും ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾക്കും അതത് വർഷത്തെ പദ്ധതി രൂപീകരണത്തിനു മുമ്പായി ഗ്രാമവികസന കമ്മീഷണർ അറിയിക്കേണ്ടതാണ്. ഇപ്രകാരം ഫണ്ട് വകയിരുത്താത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് ഡി.പി.സി. അംഗീകാരത്തിന് അയക്കാൻ കഴിയാത്ത തരത്തിൽ സുലേഖയിൽ വേണ്ട ക്രമീകരണങ്ങൾ ഐ.കെ.എം. നടത്തേണ്ടതാണ്.

2.7 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തുകളെയും അനുവദിച്ച് തീരുമാനിച്ചു.

2.8 സ്പിൽ ഓവർ പ്രവൃത്തികളുടെ പേയ്മെന്റ് 30.09.2015–നു മുമ്പ് നൽകണമെന്ന് തീരുമാനിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതിന് പുതിയ സംവിധാനം നിലവിൽ വരികയും 19.9.2015–ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം അക്കൗണ്ട് ഹെഡുകളിൽ ബാക്കിയുള്ള ഫണ്ട് ക്രമീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യത്തിൽ സ്പിൽഓവർ പ്രോജക്ടുകൾക്ക് തുക നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടതില്ലെന്നും തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ബഹു. റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ. പ്രകാശ് മുഖേന)

എം.എൽ.എ എസ്.ടി.എഫ് ഫണ്ട് ഉപയോഗിച്ച് പാലിയേറ്റീവ് കെയർ പദ്ധതിക്കായി ബഹു. റവന്യൂ മന്ത്രി കോന്നി താലൂക്ക് ആശുപത്രിക്ക് വാങ്ങി നൽകുന്ന ആംബുലൻസിന്റെ ആവർത്തന ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി തന്നെ വഹിക്കേണ്ടതാണെന്നും തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്

ആറ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ ഗുണഭോക്തൃ വിഹിതം ഒഴിവാക്കിക്കൊടുക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

പൊതു തീരുമാനം 2.7 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ശ്മശാനം നവീകരിക്കുന്നതിന് ഗ്യാസ് ഫർണസ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് സിഡ്കോയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ തൽ സ്ഥിതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 എടക്കാട് ഗ്രാമപഞ്ചായത്ത്**

ശുചിത്വ മിഷനിൽ നിന്ന് സാങ്കേതികാനുമതി നൽകാൻ എത്ര പ്രൊപ്പോസലുകൾ തീർപ്പാക്കിയത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കാൻ ശുചിത്വ മിഷന് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കോട്ടയം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യത്തിനായി വാഹനം വാങ്ങിയതിന് അധിക തുക ചെലവഴിച്ചതിൽ ഓഡിറ്റ് തടസ്സമുള്ളതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

ഇ–ടെണ്ടറിൽ ഒരു ടെണ്ടർ മാത്രം ലഭിക്കുമ്പോൾ അത് സ്വീകരിക്കാൻ അനുവദിച്ചു കൊണ്ടുള്ള 15.07.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ പ്രാബല്യ തീയതി ദീർഘിപ്പിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ജില്ലാ ഓഫീസ് മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന 9 പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്നതിന് മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കൃഷി വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ കത്ത്**

12.08.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം അനുസരിച്ച് ദക്ഷിണ കാർഷികമേളയ്ക്ക് കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് 5 ലക്ഷം രൂപ വീതവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയെന്ന ഉത്തരവ് നിശ്ചിത തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് വിനിയോഗിക്കാം എന്നു ഭേദഗതി ചെയ്ത് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ കത്ത്**

“കില”യുടെ ഒരു സബ്സെന്റർ നെയ്യാറ്റിൻകരയിൽ സ്ഥാപിക്കാൻ മന്ത്രിസഭാ തീരുമാനമുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കൊടകര ബ്ലോക്ക് പഞ്ചായത്ത് (ബഹു. പുതുക്കാട് എം.എൽ.എ പ്രൊഫ.സി. രവീന്ദ്രനാഥ് മുഖേന)**

കുട്ടൻചിറ ഫോറസ്റ്റ് റോഡ് ടാറിംഗ് ആന്റ് കോൺക്രീറ്റിംഗ് വനം വകുപ്പു മുഖേന ഡെപ്പാസിറ്റ് വർക്കായി നിർവഹണം നടത്തുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽനം. ഡി.എ2/510/15/തസ്വഭവ)**

നിലവിലുള്ള കോഡുകൾ ഉപയോഗപ്പെടുത്തി പ്രോജക്ടുകളുടെ നിർവഹണം നടത്താമെന്നും ഓഫീസ് ഉപകരണങ്ങൾ വാങ്ങുമ്പോൾ ഓരോ ഇനത്തിനും

പ്രത്യേക കോഡ് അനുവദിക്കുക പ്രായോഗികമല്ലെന്നും എസ്.സി.പി. പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭ്യമാക്കുന്നത് കോഡുമായി ബന്ധപ്പെട്ട വിഷയമല്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ കത്ത് ഫയൽ നം(499/ഡി.ബി.2/15)**

കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ തുക നൽകുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഫയൽ നം(508/ഡി.എ2/15)**

സംരക്ഷിത പച്ചക്കറിക്കൃഷി (മഴമറ പദ്ധതി) സംബന്ധിച്ച് നിർദ്ദേശങ്ങൾ അടുത്ത തവണ സബ്സിഡി മാർഗരേഖ പരിഷ്ക്കരിക്കുമ്പോൾ ഉൾപ്പെടുത്തുന്നതിന് കിലയോട് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഫയൽ നം(ഇ.പി.എ3/33/15)**

ഹൈസ്ക്കൂളിനു വേണ്ടി സ്ഥലം വാങ്ങുന്നതിന് വായ്പ എടുക്കാൻ അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ഹൈസ്ക്കൂളിന്റെ നിയന്ത്രണം ഗ്രാമപഞ്ചായത്തിന് അല്ലാത്തതിനാൽ നിരസിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്**

ഐ.എ.വൈ ഭവന പദ്ധതിക്കായി ബാങ്കിൽ നിന്നും വായ്പ എടുത്ത തുകയുടെ തിരിച്ചടവിന് 2015-16 സാമ്പത്തിക വർഷം നടപ്പാക്കാൻ കഴിയാത്ത പ്രോജക്ടുകൾ ഭേദഗതി ചെയ്ത് തുക വിനിയോഗിക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കണ്ണൂർ ജില്ലാപഞ്ചായത്ത്**

തനത് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാതെ മറ്റ് സാധാരണ നിർമ്മാണ പ്രവൃത്തികൾ മുമ്പ് തന്നെ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചു പോയ സാഹചര്യത്തിൽ അവ തുടർന്ന് ജില്ലാ നിർമ്മിതി കേന്ദ്രം തന്നെ പൂർത്തീകരിക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 താഴെക്കോട് ഗ്രാമ പഞ്ചായത്ത്**

കെ.എൽ.ജി.എസ്.ജി.പി. ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ നിർദ്ദിഷ്ട നിയന്ത്രണങ്ങൾക്ക് വിധേയമായി യഥാസമയം പൂർത്തീകരിക്കേണ്ടതിനാൽ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ടതില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പത്തനംതിട്ട ജില്ല പഞ്ചായത്ത്**

പ്രമാടം രാജീവ്ഗാന്ധി ഫിഷ് ആന്റ് ഫുഡ് ഫെസ്റ്റ് 2014 മായി ബന്ധപ്പെട്ട് 09.09.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.40 തീരുമാനത്തിലെ 2012–13 എന്ന് വർഷം രേഖപ്പെടുത്തിയത് ഭേദഗതി ചെയ്ത് 2014–15 എന്നാക്കാനും ക്ലസ്റ്റർ ഗ്രൂപ്പുകൾക്ക് എന്നത് ജില്ലാ ശുദ്ധജല അലങ്കാര മത്സ്യ കർഷക വികസന ക്ഷേമ സഹകരണ സംഘം നമ്പർ എഫ്.പി. 332–ലെ അംഗങ്ങളെന്നു ഭേദഗതി ചെയ്യാനും യോഗം തീരുമാനിച്ചു. മറ്റു നിയമപരമായ വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പുലാമന്തോൾ ഗ്രാമപഞ്ചായത്ത്**

പുതിയ ഓഫീസ് കെട്ടിട ഉത്ഘാടന പരിപാടിക്ക് തനത് ഫണ്ടിൽ നിന്നും 50000 രൂപ വരെ ചെലവാക്കിയ നടപടിക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 7.10.2015 രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**